**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5333** **21-03-2025 - ൽ മറുപടിയ്ക്ക്**

**ജലഗതാഗത മേഖല നവീകരിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീമതി ദെലീമ,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീ എം മുകേഷ്** | | **ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | പാരിസ്ഥിതിക പ്രശ്നങ്ങളും അപകടങ്ങളും താരതമ്യേന കുറയ്ക്കുന്നതിനും, റോഡ് ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനും വിനോദസഞ്ചാരികളെ ഏറെ ആകർഷിക്കുന്നതിനും ജലഗതാഗത മേഖല വഹിക്കുന്ന പങ്ക് പ്രത്യേകം പരിശോധിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. പരിസ്ഥിതി സൗഹൃദവും, ചെലവ് കുറഞ്ഞതും, താരതമ്യേന മലിനീകരണം കുറഞ്ഞതുമായ ഗതാഗത മാർഗമാണ് ജലഗതാഗതമെന്നതിനാൽ ജലഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാനത്ത് നിലവിൽ പുഴകളിലൂടെയും കനാലുകളിലൂടെയും കായലുകളിലൂടെയുമുള്ള ജലപാതകളെ കൂട്ടിയിണക്കി തെക്ക് കോവളം മുതൽ വടക്ക് ബേക്കൽ വരെ പശ്ചിമ തീരകനാൽ (വെസ്റ്റ് കോസ്റ്റ് കനാൽ-WCC) എന്ന പേരിൽ ജലപാത വികസിപ്പിക്കുന്ന പദ്ധതിയ്ക്ക് സർക്കാർ മുൻഗണന നൽകി വരുന്നു. ടി ജലപാത വികസനം പൂർത്തിയാകുന്നതോടുകൂടി ഉൾനാടൻ ജലപാതകളിലൂടെയുള്ള ചരക്ക് ഗതാഗതത്തിനും ടൂറിസം മേഖലയിലും ഉണർവ്വുണ്ടാകുന്നതാണ്.<br><br>ഡീസൽ ഉപയോഗിച്ച് പ്രവർത്തിച്ചിരുന്ന തടി ബോട്ടുകൾക്ക് പകരം സോളാറിൽ പ്രവർത്തിക്കുന്ന ഫൈബർ ബോട്ടുകൾ നിർമ്മിച്ച് ജലഗതാഗത വകുപ്പ് സർവ്വീസ് നടത്തി വരുന്നു. വകുപ്പിലെ അൻപത് ശതമാനം ബോട്ടുകളും ഇത്തരത്തിൽ സോളാർ ബോട്ടുകളാക്കി മാറ്റുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. റോഡ് ഗതാഗതത്തിൽ ടാക്സി സംവിധാനങ്ങൾ എന്നതുപോലെ ജലഗതാഗത മേഖലയിൽ വാട്ടർ ടാക്സി നടപ്പിലാക്കിയിട്ടുണ്ട്. സുരക്ഷിതയാത്ര ഒരുക്കുന്നതിനാവശ്യമായ എല്ലാ നിർദേശങ്ങളും ജീവനക്കാർക്ക് നല്കിയിട്ടുള്ളതും സുരക്ഷാ ഉപകരണങ്ങൾ ബോട്ടുകളിൽ സജ്ജീകരിച്ചിട്ടുള്ളതുമാണ്. വിനോദ സഞ്ചാര മേഖലയിലെ ജലഗതാഗത വകുപ്പിന്റെ സർവീസുകൾ കുറഞ്ഞ ചെലവിൽ സുരക്ഷിതവും |

| | | | |
|---|---|---|---|
| | | | മലിനീകരണവിമുക്തവുമായ യാത്ര ഉറപ്പ വരുത്തുന്നതിന് കഴിഞ്ഞിട്ടുണ്ട്. |
| (ബി) | വെള്ളത്താൽ ചുറ്റപ്പെട്ട കുട്ടനാടൻ ഗ്രാമങ്ങളിലെയും പെരുമ്പളം പോലുള്ള ദ്വീപുകളിലെയും ഏക ഗതാഗത മാർഗ്ഗം എന്ന നിലയിൽ ജലഗതാഗത വകുപ്പിന്റെ ബോട്ട് സർവ്വീസുകൾ കൂട്ടുന്നതിനും വിനോദസഞ്ചാര മേഖലകളെ ബന്ധിപ്പിച്ചുകൊണ്ടുള്ള പുതിയ സർവ്വീസുകൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കുമോ; | (ബി) | നിലവിലുള്ള ഭൗതിക സംവിധാനങ്ങൾ ഉപയോഗിച്ച് ജലഗതാഗത വകുപ്പ് പരമാവധി സർവീസുകൾ നടത്തി വരുന്നു. വെള്ളത്താൽ ചുറ്റപ്പെട്ട പ്രദേശങ്ങളിൽ താമസിക്കുന്നവരുടെ യാത്രാക്ലേശം പരിഹരിക്കുന്നതിനുതകും വിധം താരതമ്യേന ചെലവു കുറഞ്ഞതും, പരിസ്ഥിതി സൗഹൃദവുമായ 30 പാസഞ്ചർ, 75 പാസഞ്ചർ കപ്പാസിറ്റിയുള്ള സൗരോർജ്ജ ബോട്ടുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ടൂറിസം വകുപ്പുമായി ചേർന്ന് വിനോദ സഞ്ചാര മേഖലകളെ ബന്ധിപ്പിച്ചു കൊണ്ടുള്ള പുതിയ സർവീസുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതികളും തയ്യാറാക്കിയിട്ടുണ്ട് . |
| (സി) | ഈ സർക്കാരിന്റെ കാലത്ത് ജലഗതാഗത വകുപ്പിൽ എന്തെല്ലാം നവീകരണ പ്രവർത്തനങ്ങളാണ് ആവിഷ്കരിച്ചു നടപ്പാക്കി വരുന്നതെന്ന് അറിയിക്കുമോ; | (സി) | ആധുനിക സൗകര്യങ്ങളോടുകൂടിയ 100 പാസഞ്ചർ കപ്പാസിറ്റിയുള്ള 6 ബോട്ടുകളുടെയും 75 പാസഞ്ചർ കപ്പാസിറ്റിയുള്ള 2 ബോട്ടുകളുടെയും നിർമ്മാണം പൂർത്തീകരിച്ചു സർവീസിൽ ഉൾപ്പെടുത്തി. വിനോദസഞ്ചാരവും, അതോടൊപ്പം യാത്രാസൗകര്യവും മെച്ചപ്പെടുത്തുന്നതിനായി 90 യാത്രാക്കാർക്ക് സഞ്ചരിക്കാൻ കഴിയുന്ന രണ്ട് ഡബിൾ ഡെക്കർ പാസഞ്ചർ-കം-ടൂറിസ്റ്റ് ബോട്ടുകൾ ഉപയോഗിച്ച് സീ-കുട്ടനാട് ,സീ അഷ്ടമുടി എന്നീ സർവ്വീസുകൾ ആരംഭിച്ചു. ഇന്ത്യയിലെ ആദ്യത്തെ സോളർ ക്രൂയിസ് ആയ 'ഇന്ദ്ര' ടൂറിസ്റ്റ് ബോട്ട് സർവീസ് ആരംഭിച്ചു .10 പാസഞ്ചർ കപ്പാസിറ്റിയുള്ള 5 ഡിങ്കി ബോട്ടുകളുടെയും 3 വാട്ടർടാക്സികളുടെയും നിർമ്മാണം പൂർത്തീകരിച്ചു സർവീസിൽ ഉൾപ്പെടുത്തി. ജലഗതാഗത വകുപ്പ് ഡയറക്ടറേറ്റിലും മേഖലാകാര്യലയങ്ങളിലും 'e-office' സംവിധാനവും, സ്റ്റേഷനോഫീസ് ഉൾപ്പെടെയുള്ള ഓഫിസുകളിൽ ആധാർ അധിഷ്ഠിത ബയോമെട്രിക്ക് പഞ്ചിംഗ് സംവിധാനവും ഏർപ്പെടുത്തി. ഭിന്നശേഷിക്കാർക്കുള്ള ഓൺലൈൻ പാസ് ബുക്കിംഗ് സോഫ്റ്റ് വെയർ നടപ്പിലാക്കി. |
| (ഡി) | ബോട്ടുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനും, ഇന്ധന ഉപഭോഗത്തിന്റെയും സ്പെയർപാർട്സുകളുടെയും നിയന്ത്രണത്തിനും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (ഡി) | അടിയന്തിരമായി ആവശ്യമുള്ള അറ്റകുറ്റപണികൾ സംബന്ധിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി ആയവ വകുപ്പ ജീവനക്കാരെ ഉപയോഗിച്ചും പശ്ചാത്തലസൗകര്യങ്ങൾ ഇല്ലാത്തവയ്ക്ക് ടെൻഡർ നടപടിക്രമങ്ങൾ പാലിച്ചു മതിയായ workshop സൗകര്യമുള്ള കോൺട്രാക്ടർക്കു വർക്ക് ഓർഡർ നൽകിയും റിപ്പയർ വർക്കുകൾ ചെയ്തുവരുന്നു. ബോട്ടിലെ ഡീസലിന്റെ അളവ് തത്സമയം നിരീക്ഷിക്കാനും ആയത് കൃത്യമായും അറിയാനും |

| | | | |
|---|---|---|---|
| | | | സാധിക്കുന്ന റിയൽ ടൈം ഡീസൽ മോണിറ്ററിംഗ് സിസ്റ്റം സ്ഥാപിക്കുന്നത് വഴി ഇന്ധനക്ഷമത വർദ്ധിപ്പിക്കാനും, ഡീസൽ ഉപയോഗം, ഇന്ധന ക്ഷമത എന്നിവയുടെ വിവരങ്ങൾ വിശകലനം ചെയ്യാനും സാധിക്കും. അതിനാൽ റിയൽ ടൈം ഡീസൽ മോണിറ്ററിംഗ് സിസ്റ്റം സ്ഥാപിക്കുന്നതിന് പദ്ധതി തയ്യാറാക്കി വരുന്നു. വകുപ്പിലെ സാധനങ്ങളുടെ സ്റ്റോക്ക് കാര്യക്ഷമമായി കൈകാര്യം ചെയ്യാനും, സ്റ്റോക്ക് ട്രാക്ക് ചെയ്യാനുമായി ഇൻവെന്ററി മാനേജ്മെന്റ് സോഫ്റ്റ് വെയർ ഉപയോഗിക്കുന്നതിനായി ഉദ്ദേശിക്കുന്നു. 2025-26 ബഡ്ജറ്റിൽ Procurement of Inventory Management Software, Procurement of Diesel Monitoring Software എന്നിവയ്ക്ക് തുക വകയിരുത്തിയിട്ടുണ്ട്. |
| (ഇ) | ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്നും അതുവഴി ലഭിച്ച തുക എത്രയെന്നുമുള്ള വിശദാംശം അറിയിക്കാമോ? | (ഇ) | ജലഗതാഗത വകുപ്പിന്റെ അധീനതയിലുള്ള സ്ഥലങ്ങളിലും ബോട്ടുകളുടെ വശങ്ങളിലും ഉൾഭാഗത്തും പരസ്യബോർഡുകൾ സ്ഥാപിക്കൽ, സ്റ്റാളുകൾ വാടകയ്ക്ക് നൽകൽ, ബോട്ടുകളും, ബോട്ട് ജെട്ടികളും സിനിമ ഷൂട്ടിംഗ്, മറ്റ് സ്വകാര്യ ആവശ്യങ്ങൾക്കും വാടകയ്ക്ക് നൽകൽ, സ്ഥലം തറ വാടകയ്ക്ക് നൽകൽ എന്നിവ വഴി ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. എറണാകുളം, ആലപ്പുഴ,കൊല്ലം മേഖലകളിൽ കൂടുതൽ സ്റ്റാളുകൾ നിർമ്മിച്ച് വാടകയ്ക്ക് നൽകുന്നതിനുള്ള നടപടി പുരോഗമിക്കുന്നുണ്ട്. കൂടാതെ ബന്ധപ്പെട്ട ടൂറിസം സർവ്വീസുകൾ വഴി മെച്ചപ്പെട്ട വരുമാനം നേടിവരുന്നു. പഴയ ഡീസൽ ബോട്ടുകൾ ഘട്ടം ഘട്ടമായി മാറ്റി പുതിയ സോളാർ ബോട്ടുകൾ ഉപയോഗിക്കുന്നവഴി പ്രവർത്തന ചെലവുകൾ വലിയ രീതിയിൽ ലാഭിച്ചുവരുന്നു.<br>2021 - 2025 ഡിസംബർ വരെ ലഭിച്ച ടിക്കറ്റിതര വരുമാനം ചുവടെ ചേർക്കുന്നു.<br><br>2021-22 – 3746441 രൂപ<br>2022-23 – 4653331 രൂപ<br>2023-24 – 12089851 രൂപ<br>2024-25 – 13140358 രൂപ ( 2024 ഡിസംബർ വരെ). |

സെക്ഷൻ ഓഫീസർ